LIBRARY ARCHIVES Kerala Legislative Assembly

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ പുതിയ റോഡുകളുടേയും പാലങ്ങളുടേയും പണി

112 [425] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് മാസത്തിന് ശേഷം പയ്യന്നൂർ നിയോജകമണ്ഡലത്തിൽ എത്ര പുതിയ റോഡുകളുടേയും പാലങ്ങളുടേയും പണി പൂർത്തീകരിക്കുകയുണ്ടായെന്നും ഓരോന്നിന്റെയും എസ്റ്റിമേറ്റ് തുക എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) ഇക്കാലയളവിൽ പുതുതായി ഏറ്റെടുത്ത റോഡുകളുടേയും പാലങ്ങളുടേയും പ്രവർത്തന പുരോഗതി സംബന്ധിച്ചും ഓരോ പ്രവൃത്തിയുടേയും എസ്റ്റിമേറ്റ് സംബന്ധിച്ചും വിശദമായ കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഈ കാലയളവിൽ പയ്യന്നൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം മരാമത്ത് പ്രവൃത്തികൾക്ക് നബാർഡ് ധനസഹായം ലഭ്യമായിട്ടുണ്ടെന്നും ലഭ്യമായ തുക എത്രയാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) എട്ടിക്കുളം എച്ച്.എസ്. പാലക്കോട് റോഡും നെവൽ അക്കാദമി തോട്ടപ്പള്ളി ഗേറ്റ് നമ്പർ-7ഉം ബന്ധിപ്പിക്കുന്ന റോഡിന്റെ പ്രവൃത്തിയും (എസ്റ്റിമേറ്റ് തുക 95.70 ലക്ഷം രൂപ) ചെമ്പല്ലിക്കുണ്ട് പാലത്തിന്റെ പ്രവൃത്തിയും (എസ്റ്റിമേറ്റ് തുക 207.55 ലക്ഷം രൂപ) പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 1. ദേശീയപാത 17-ൽ കി.മീ. 108/400-ലെ വെള്ളൂർ പാലത്തിന്റെ പ്രവൃത്തി പുരോഗതിയിലാണ്. എസ്റ്റിമേറ്റ് തുക 384.07 ലക്ഷം രൂപ.

2. പാണപ്പുഴ പാലം (115 ലക്ഷം) പ്രവൃത്തി പുരോഗമിച്ചുവരുന്നു.

3. തായിനേരി താലിച്ചാലം പാലം (265 ലക്ഷം) പ്രവൃത്തി പുരോഗമിച്ചുവരുന്നു.

4. കെ.എസ്.ടി.പി.യുടെ രണ്ടാംഘട്ട അപ്ഗ്രഡേഷനിൽ പിലാത്തറ-പാപ്പിനിശ്ശേരി റോഡ് (20.9 കി.മീ.) ഉൾപ്പെടുത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് തുക 41.1 കോടി രൂപ.

(സി) 1. ചെമ്പല്ലിക്കുണ്ട് പാലം (207.55 ലക്ഷം) പണി പൂർത്തിയായി.

2. വെള്ളോറ-കക്കറ-കടുക്കാമം റോഡ് (78.54 ലക്ഷം) പണി പൂർത്തിയായി.

ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ മുട്ടയ്ക്കാവ് പാലം നിർമ്മാണം പൂർത്തിയാക്കി പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കാൻ നടപടി

113 [428] ശ്രീ. ജി. പ്രതാപവർമ്മ തമ്പാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പു മന്ത്രി സദയം മറുപടി ന[illegible]

(എ) കൊല്ലം ആയൂർ റോഡിൽ, ചാത്തന്നൂർ നിയോജകമണ്ഡലത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന മുട്ടയ്ക്കാവ് പാലം നിർമ്മാണപ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വ്യക്തമാക്കാമോ;

(ബി) കേരള കൺസ്ട്രക്ഷൻ കോർപ്പറേഷൻ നടത്തി വന്നിരുന്ന പാലത്തിന്റെ നിർമ്മാണം മുടങ്ങിക്കിടക്കുന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത തടസ്സങ്ങൾ നീക്കി അടിയന്തിരമായി പണി പൂർത്തിയാക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) പഴയ നിരക്കിൽ പ്രസ്തുത വർക്ക് ഏറ്റെടുക്കുവാൻ ആളില്ലെങ്കിൽ ഡിപ്പാർട്ടുമെന്റൽ എക്സിക്യൂഷൻ പ്രകാരം, മുട്ടയ്ക്കാവ് പാലം നിർമ്മാണം പൂർത്തിയാക്കി 2006 മാർച്ച് മാസത്തിന് മുമ്പ് ഉദ്ഘാടനം നടത്തി, പൊതുജനങ്ങൾക്ക് തുറന്നു കൊടുക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) മുട്ടയ്ക്കാവ് പാലത്തിന്റെ നിർമ്മാണം, കൺസ്ട്രക്ഷൻ കോർപ്പറേഷൻ പണി പൂർത്തിയാകാതെ നിർത്തിവച്ചു. അതിനു ശേഷം രണ്ട് തവണ ടെണ്ടർ വിളിച്ചിട്ടും പൂർത്തിയാക്കാതെ നിർത്തിവച്ച പണി ഏറ്റെടുക്കാൻ ആരും മുന്നോട്ടുവന്നില്ല. ഈ പണി പുനരാരംഭിക്കുവാനുള്ള നടപടികൾ എടുത്തുവരുന്നു.

(സി) പണി വേഗം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

നബാർഡിന്റെ സഹായത്തോടെ തിരുവനന്തപുരം ജില്ലയിലെ പാലങ്ങളുടെ നിർമ്മാണം

114 [427] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നബാർഡിന്റെ സഹായത്തോടെ നിർമ്മാണം നടത്താൻ നിശ്ചയിച്ചിട്ടുള്ള തിരുവനന്തപുരം ജില്ലയിലെ പാലങ്ങൾ ഏതെല്ലാമാണ്;

(ബി) അവയുടെ പേരും അടങ്കൽ തുകയും വെളിപ്പെടുത്തുമോ;

(സി) അതു സംബന്ധിച്ച സർക്കാർ ഉത്തരവുകൾ ലഭ്യമാക്കുമോ;

(ഡി) ഈ പട്ടികയിൽ വാമനപുരം മണ്ഡലത്തിലെ ചെല്ലഞ്ചി പാലം ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അടങ്കൽ തുക എത്ര; ഇല്ലെങ്കിൽ ഒഴിവാക്കാനുള്ള കാരണമെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി)

	പാലങ്ങൾ	അടങ്കൽ തുക
1.	കീഴാമൂർ കടവ് പാലം	299.24 ലക്ഷം രൂപ
2.	മീരാൻ കടവ് പാലം	1204.88 ലക്ഷം രൂപ
3.	മൂന്നാറ്റുമുക്ക് പാലം	187.00 ലക്ഷം രൂപ
4.	വെള്ളനാട് പാലം	294.00 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly